തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**
വാക്കാട്, മലപ്പുറം - 676 502

# പൊതുസഭ
## മുപ്പതാമത് യോഗതീരുമാനങ്ങൾ
**2023 സെപ്തംബർ 29 വെള്ളിയാഴ്ച,**
**രാവിലെ 10.30 ന്**

**പങ്കെടുത്തവർ:**

1. ഡോ. എൽ. സുഷമ (വൈസ് ചാൻസലർ) (അദ്ധ്യക്ഷ)
2. ശ്രീമതി നിതകുമാരി (അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ്)
3. ഡോ. സി. രാജേന്ദ്രൻ
4. ഡോ. കെ.ജി .പൗലോസ്
5. ഡോ. ജെ. പ്രസാദ്
6. ഡോ. സത്യൻ എം. (ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്)
7. ശ്രീ ഒ.എസ്. ഉണ്ണികൃഷ്ണൻ (ഫോക്‌ലോർ അക്കാദമി)
8. ഡോ. കെ.വി.ശശി
9. ഡോ. കെ.എം. ഭരതൻ
10. ഡോ. കെ.എം. അനിൽ
11. ഡോ. സി. സെയ്തലവി
12. ഡോ. ധന്യ ആർ.
13. ശ്രീ ആശിഷ് സുകു
14. കുമാരി കൃഷ്ണ കെ.പി.
15. ശ്രീ അനീഷ് വി.പി.

ഡോ. പ്രജിത് ചന്ദ്രൻ (രജിസ്ട്രാർ) യോഗത്തിൽ സന്നിഹിതനായിരുന്നു.

യോഗം രാവിലെ 10.30 ന് ആരംഭിച്ചു.

മുൻമുഖ്യമന്ത്രി ഉമ്മൻചാണ്ടി, ആർട്ടിസ്റ്റ് നമ്പൂതിരി, വിഖ്യാത ചലച്ചിത്രകാരൻ കെ.ജി. ജോർജ്ജ്, ഹരിതവിപ്ലവത്തിന്റെ പിതാവ് എം.എസ്. സ്വാമിനാഥൻ എന്നിവരുടെ നിര്യാണത്തിൽ സഭ ആദരാഞ്ജലി അർപ്പിച്ചു.

ബഹു. വൈസ് ചാൻസലർ എല്ലാ പൊതുസഭാംഗങ്ങളേയും സഭയിലേക്ക് ഹാർദ്ദമായി സ്വാഗതം ചെയ്തുകൊണ്ട് യോഗനടപടികൾ ആരംഭിച്ചു.

### തീരുമാനങ്ങൾ

ഇനം നമ്പർ: **2023.37**

വിഷയം: **വൈസ് ചാൻസലറുടെ റിപ്പോർട്ട്**

തീരുമാനം: ബഹു. വൈസ് ചാൻസലർ അവതരിപ്പിച്ച റിപ്പോർട്ട് അംഗീകരിച്ചു.

ഇനം നമ്പർ: **2023.38**

വിഷയം: **പൊതുസഭയുടെ ഇരുപത്തിയൊമ്പതാമത് യോഗത്തിന്റെ തീരുമാനങ്ങൾ സ്ഥിരീകരിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: താഴെപറയുന്ന ഭേദഗതികളോടെ പൊതുസഭയുടെ ഇരുപത്തിയൊമ്പതാമത് യോഗത്തിന്റെ തീരുമാനങ്ങൾ സ്ഥിരീകരിച്ചു.

**2023.24** – മരം സംരക്ഷണസമിതി എത്രയും വേഗം രൂപീകരിക്കണം.

**2023.29** – അധികമായി വാങ്ങിയ പണം അർഹരായ വിദ്യാർത്ഥികൾക്ക് പത്ത് ദിവസത്തിനകം തിരികെ നൽകുവാൻ നടപടി സ്വീകരിക്കുക. ഇനിയുള്ള പ്രവേശനം മുതൽ ബസ് സൗകര്യം ആവശ്യമുള്ള വിദ്യാർത്ഥികളിൽ നിന്നു മാത്രമേ ഫീസ് ഈടാക്കാൻ പാടുള്ളു.

**2023.30** – മുൻതീരുമാനങ്ങളുടെ തുടർനടപടികൾ സ്വീകരിച്ചതിന്റെ ഉത്തരവുകൾ കൂടി അനുബന്ധമായി അവതരിപ്പിക്കണം.

**2023.31** – പ്രബന്ധസമർപ്പണം ഇനിയും നടത്തിയിട്ടില്ലാത്ത എം.ഫിൽ വിദ്യാർത്ഥികൾക്ക് പ്രബന്ധസമർപ്പണത്തിന് 20 ദിവസം കൂടി അനുവദിക്കാനും, തുടർന്ന് പ്രബന്ധം സമർപ്പിച്ചിട്ടുള്ള എല്ലാ വിദ്യാർത്ഥികൾക്കും സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്താനും തീരുമാനിച്ചു.

**2023.35** – വിവരാവകാശ നിയമം സംബന്ധിച്ചുള്ള വിശദാംശങ്ങൾ ഒരാഴ്ചക്കകം സർവകലാശാല വെബ്സൈറ്റിൽ ഉൾപ്പെടുത്തേണ്ടതാണ്.

ഇനം നമ്പർ: **2023.39**

വിഷയം: **മുൻതീരുമാനങ്ങളിലെ തുടർനടപടികൾ**

തീരുമാനം: ഇനം നമ്പർ: 2023.38 ൽ പ്രതിപാദിച്ച ഭേദഗതികളോടെ മുൻതീരുമാനങ്ങളിലെ തുടർനടപടികൾ സ്ഥിരീകരിച്ചു.

ഇനം നമ്പർ: **2023.40**

വിഷയം: **2022–23 വർഷത്തെ വാർഷികറിപ്പോർട്ട് അംഗീകരിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: പിശകുകൾ തിരുത്തി സമർപ്പിച്ച 2022–23 വർഷത്തെ വാർഷിക റിപ്പോർട്ട് നിർവാഹകസമിതി പരിഗണിച്ച ശേഷം പൊതുസഭയിൽ അവതരിപ്പിക്കേണ്ടതാണ്.

(191/2019/പ്രസിദ്ധീകരണം – പ്രസിദ്ധീകരണവിഭാഗം)

ഇനം നമ്പർ: **2023.41**

വിഷയം: **2022–23 സാമ്പത്തിക വർഷത്തെ കണക്കുകൾ അംഗീകരിക്കുന്നത് സംബന്ധിച്ച്.**

തീരുമാനം: 2022–23 സാമ്പത്തിക വർഷത്തെ കണക്കുകൾ അംഗീകരിച്ചു.

(2832/2019/ഫിൻ – ഫിനാൻസ് വിഭാഗം)

ഇനം നമ്പർ: **2023.42**

വിഷയം: **അദ്ധ്യക്ഷൻ അനുവാദപ്രകാരം ചർച്ച ചെയ്ത മറ്റ് കാര്യങ്ങൾ**

1. പാരമ്പര്യവിജ്ഞാനസമ്പ്രദായ ഫാക്കൽറ്റി രൂപീകരണം സംബന്ധിച്ച നിർവാഹകസമിതി തീരുമാനം അതിൻപ്രകാരമുള്ള സർവകലാശാല ഉത്തരവ് അനുബന്ധ ഫയലുകൾ സഹിതം ഇതുസംബന്ധിച്ചുള്ള റിപ്പോർട്ട് അടുത്ത പൊതുസഭയിൽ വയ്ക്കണം.

2. ഭാഷാശാസ്ത്രസ്കൂൾ പ്രൊഫസർ ഡോ. എം. ശ്രീനാഥന് പെൻഷൻ നൽകാനാവില്ലെന്നറിയിച്ച് സർവകലാശാലയിൽ നിന്ന് ബന്ധപ്പെട്ട വകുപ്പിലേക്ക് കത്തയച്ചതിന്റെ നിജസ്ഥിതി കണ്ടെത്തി വീഴ്ചകൾ പരിശോധിക്കണം.

3. നിർവാഹകസമിതിയുടെ സ്ഥിരം ഉപസമിതികൾ രൂപീകരിക്കുന്ന വിഷയം അടുത്ത നിർവാഹകസമിതിയിൽ അവതരിപ്പിക്കേണ്ടതാണ്.

4. ഒരാൾ ഒരേസമയം ഒരു ഫാക്കൽറ്റിയുടെ ഉപദേശകസമിതി ചെയർമാനും മറ്റൊരു ഫാക്കൽറ്റിയുടെ ഡീൻ ആയും ഒന്നിലധികം അക്കാദമിക അധികാരപദവികൾ വഹിക്കുന്നതിന്റെ നിജസ്ഥിതി പരിശോധിക്കുക.

യോഗം ഉച്ചക്ക് 1 മണിക്ക് അവസാനിച്ചു.

രജിസ്ട്രാർ